# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 303

06.01.2014-ലെ മറുപടിക്ക്

### വിചാരണ തടവുകാരെ സംബന്ധിച്ച വിവരം

ചോദ്യം

ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

മറുപടി

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്തെ ജയിലുകളിൽ വിചാരണ തടവുകാരായി കഴിയുന്നവരെ കൊടുംകുറ്റവാളികളായി കരുതുന്നുണ്ടോ; ഏതെങ്കിലും ജയിലിൽ റിമാന്റ് തടവുകാരെ ശിക്ഷിക്കപ്പെട്ട തടവുകാരുടെ സെല്ലിൽ പാർപ്പിക്കുന്നുണ്ടോ; എങ്കിൽ ഇത് നിയമാനുസൃതമായ നടപടിയാണോ; ഇതിനിടയായ സാഹചര്യം എന്താണ്; | എ) സംസ്ഥാനത്തെ ജയിലുകളിൽ വിചാരണ തടവുകാരായി കഴിയുന്നവരെ അവരുടെ കേസുകളിൽ വിധി വന്നതിന് ശേഷം മാത്രമേ ടി തടവുകാരെ ഏതുതരത്തിലുള്ള കുറ്റവാളികൾ എന്ന് പറയുവാൻ കഴിയുകയുള്ളു. ശിക്ഷാതടവുകാരെയും റിമാന്റ് തടവുകാരെയും വേർതിരിച്ച് പാർപ്പിക്കണമെന്ന് ചട്ടങ്ങൾ അനുശാസിക്കുന്നുണ്ട്. എന്നാൽ ചില ജയിലുകളിൽ അംഗീകൃത പാർപ്പിട ശേഷിയേക്കാൾ തടവുകാരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇപ്രകാരം പാർപ്പിക്കാൻ നിർബന്ധിതമാകാറുണ്ട്. |
| ബി) സംസ്ഥാനത്തെ ജയിലുകളിൽ ഉള്ള മൊത്തം തടവുകാർ എത്ര; ശിക്ഷിക്കപ്പെട്ട തടവുകാർ എത്ര; റിമാന്റ് തടവുകാർ എത്ര; | ബി) മൊത്തം തടവുകാർ - 7404 (31/12/2013)<br>ശിക്ഷിക്കപ്പെട്ട തടവുകാർ - 2783 (31/12/2013)<br>റിമാന്റ് തടവുകാർ - 4621 (31/12/2013) |
| സി) തടവുകാരുടെ എണ്ണത്തിന് അനുസൃതമായിട്ടുള്ള ജയിൽ ജീവനക്കാർ സംസ്ഥാനത്തുണ്ടോ; ഇല്ലെങ്കിൽ കുറവ് എത്ര; പ്രസ്തുത കുറവ് പരിഹരിക്കുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | സി) കേരളത്തിലെ ജയിലുകളിൽ ഇപ്പോൾ ശരാശരി 7300 തടവുകാർ ഉണ്ട്. 6 തടവുകാർക്ക് ഒരു വാർഡർ എന്ന അനുപാതത്തിലാണ് അവരുടെ റേഷ്യോ നിശ്ചയിച്ചിരിക്കുന്നത്. കേരളത്തിലെ മൊത്തം ജയിലുകളിലേയും വാർഡർമാരുടെ അംഗീകൃത എണ്ണം 937 ആണ്. തടവുകാരുടെ എണ്ണം കണക്കാക്കുമ്പോൾ 250 വാർഡർമാരുടെ കുറവുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ